ॐ



കിം മയാ$ff$ചരിതം ഭദ്രം കിം തപ്തം പരമം തപ:
കിം വാഥാപ്യർഹതേ ദത്തം യദ്രക്ഷ്യാമ്യദ്യ കേശവം (10-38-3)
മമൈതദ് ദുർലഭം മന്യ ഉത്തമശ്ലോകദർശനം
വിഷയാത്മനോ യഥാ ബ്രഹ്മകീർത്തനം ശൂദ്രജൻമന: (10-38-4)
മൈവം മമാധമസ്യാപി സ്യാദേവാച്യുനദർശനം
പ്രിയമാണ: കാലനദ്യാ കവചിത്തരതികശ്ചന (10-38-5)
മമാദ്യാ മംഗളം നഷ്ടം ഫലവാംശ്ചൈവ മേ ഭവ:
യന്നമസ്യേ ഭഗവതോ യോഗിധ്യേയാങ്ഘ്രിപങ്കജം (10-38-6)

*ശുകമുനി തുടർന്നു:*
രാമകൃഷ്ണൻമാരെ മഥുരയ്ക്കു കൂട്ടിക്കൊണ്ടു വരാൻ കംസൻ ആവശ്യപ്പെട്ടതിനുശേഷം അക്രൂരൻ അത്യാഹ്ലാദചിത്തനായിരുന്നു. കിട്ടാൻ പോകുന്ന ഭഗവൽദർശനസൗഭാഗ്യമോർത്ത് അക്രൂരൻ ഇങ്ങിനെ ചിന്തിച്ചു. 'ഇത്തരം പരമാനുഗ്രഹം ലഭിക്കാനുള്ള പുണ്യം ഞാനെങ്ങിനെ ആർജ്ജിച്ചു? പാടില്ല. ഞാനങ്ങിനെ ചിന്തിച്ചുകൂടാ. കാരണം സമയമെന്ന നദിയിലൊഴുകി നടക്കുമ്പോൾ ചിലർ ചിലപ്പോൾ ആ സമയനദിയെ തരണം ചെയ്യുന്നു. ഇന്നു ഞാൻ ആ ഭഗവാനെ കാണും. സ്വാഭാവികമായും എൻെറ സകലപാപങ്ങളും അതോടെ അവസാനിക്കും. എൻെറ ജൻമം സഫലവുമാകും. ദുഷ്ടനായ കംസനും എനിക്കീ ജോലി തന്നതിനാൽ എന്നോട് മഹത്തരമായ ഒരു സഹായമാണ് ചെയ്തത്. ഇന്നു ഞാൻ സൃഷ്ടാവുപോലും തലയിൽ ചൂടുന്ന ആ പാദാരവിന്ദങ്ങൾ കാണും. ആ കാലടികൾ ഇപ്പോൾ കാലികൾക്ക് പിന്നാലെ മലയും കാടും ചവിട്ടികയറിയിറങ്ങുന്നു. ഗോപാംഗനമാരുടെ മാറിടങ്ങളാൽ ആ കാലിണകൾ ലാളിക്കപ്പെടുന്നു. കാര്യ കാരണങ്ങൾക്കതീതനും അജ്ഞതാലേശമില്ലാത്തവനുമായവൻ ഇപ്പോൾ വൃന്ദാവനത്തിൽ മർത്ത്യരോടൊപ്പം അവരിലൊരാളെന്നപോലെ വ്യാപരിക്കുന്നു. ശുഭാദർക്കമായ എന്തിനുമുടമയും കാഴ്ചയിൽ അതീവ സൗന്ദര്യമുള്ളവനും പരമഗുരുവും മഹാത്മാക്കളുടെ ജീവിതലക്ഷ്യവുമായ ആ ഭഗവാനെ ഞാനിന്നു കാണും. അക്രൂരൻ മനസാ ഭഗവാനുമായുള്ള കൂടിക്കാഴ്ച ഓർത്തഭിനയിച്ചുതന്നെ ആനന്ദ പാരവശ്യത്തിലെത്തിയിരുന്നു. സർവ്വാന്തര്യാമിയായ ഭഗവാൻ തൻെറ ശത്രുവായ കംസൻെറ ദൂതനാണെങ്കിൽ കൂടി തന്നെ ഒരു വിനീതഭക്തനായി സ്വീകരിക്കുമെന്ന് അക്രൂരനുറപ്പായിരുന്നു.

വൈകുന്നേരമായപ്പോഴാണ് അക്രൂരൻെറ രഥം വൃന്ദാവനത്തിലെത്തിയത്. വഴിയിൽ കൃഷ്ണൻെറ കാൽപ്പാടുകൾ അക്രൂരൻ ദർശിച്ചു. ഉടനേ ചാടിയിറങ്ങി കൃഷ്ണപാദസ്പർശത്താൽ പവിത്രമാക്കപ്പെട്ട ആ ധൂളിയിൽ അക്രൂരൻ കിടന്നുരുണ്ടു. 'ഇതു കൃഷ്ണൻെറ കാൽപ്പാടുകൾ തന്നെ' എന്നു പറഞ്ഞ് സന്തോഷാശ്രു പൊഴിച്ചു.

താമസിയാതെഷ അക്രൂരൻ രാമകൃഷ്ണൻമാരുടെ മുന്നിലെത്തി. അദ്ദേഹം അവരെ പരംപൊരുളെന്നു തന്നെ കതുതി അവരുടെ കാൽക്കൽ വീണു നമസ്കരിച്ചു. അവർ അക്രൂരനെ ആലിംഗനം ചെയ്താദരിച്ച് വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയി. ബലരാമൻ അക്രൂരൻെറ പാദം കഴുകി. കൃഷ്ണൻ ആഹാരവും പൂമാലയുമായി വന്നു. നന്ദൻ കുശലം ചോദിച്ചു. ങസുഖംതന്നെയല്ലേ അക്രൂരാ? ദുഷ്ടനായ കംസൻെറ ദയവിൽ കഴിയുമ്പോൾ എന്തു സുഖവും സമാധാനവും അല്ലെ?മ്മ അങ്ങിനെയാ ദിവ്യ കുടുംബത്തിനാലും കൃഷ്ണനാലും പരിചരിക്കപ്പെട്ട് അക്രൂരൻ മഥുരയിൽ നിന്നുള്ള യാത്രയുടെ ക്ഷീണം മറന്നു.